**സന്ദേശനിലയം**
**ചങ്ങനാശ്ശേരി**

# വിശ്വാസോത്സവം – 2024

## ജൂണിയർ വിഭാഗം

# അധ്യാപകസഹായി

VISWASOLSAV
INTENSIVE CATECHESIS IN SUMMER

## വിശ്വാസോത്സവഗാനം

ഈശോയ്ക്കൊപ്പം ചേരാം പാടാം
വിശ്വാസത്തിൽ വളരാം
അനുഭവമുണരും ഈ സുദിനങ്ങൾ
കൃപയുടെ ഉത്സവമാക്കാം (2)

ഓരോ കാതിലും ആദരവോടെ
സ്തുതി ഈശോയ്ക്കെന്നോതാം (2)
ദൈവം നമ്മൾക്കേകിയ നന്മകൾ
ആഘോഷിക്കാം വാഴ്ത്താം

വിശ്വാസോത്സവം ഇത് വിശ്വാസോത്സവം
വിശ്വാസത്തിൽ വളരാം, നാഥനു സ്തുതി പാടാം (2)

നാഥനോടൊപ്പം പോയി മരിക്കാം
ചൊല്ലി താതൻ മാർത്തോമ്മാ (2)
അവനോടൊപ്പം ചേർന്നു നമുക്കും
ചൊല്ലാം മാർവാലാഹ് (2)

മാർ വാലാഹ് – മാർവാലാഹ്
എന്നും നാവിൽ മാർവാലാഹ് (2)

(ഈശോയ്ക്കൊപ്പം.....)

## പൊതുനിർദ്ദേശങ്ങൾ

പ്രിയമുള്ളവരേ,

ഈ വർഷത്തെ വിശ്വാസോത്സവവിഷയം കുടുംബ കേന്ദ്രീകൃതമാകയാൽ ഓരോ സൺഡേസ്കൂളുകളും അവരുടെ സാഹചര്യങ്ങൾക്ക് അനുസൃതമായി മാതാപിതാക്കളും കുട്ടികളും ഒന്നിച്ചു വരുന്ന രീതിയിലുള്ള പരിശീലന പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നത് ഉചിതമായിരിക്കും. (ഉദാ: മാതാപിതാക്കളും മക്കളും ഒന്നിച്ചുള്ള വി. കുർബാന, ക്ലാസുകൾ, കുടുംബ അടിസ്ഥാനത്തിലുള്ള കലാപരിപാടികൾ, ക്ലാസ് അടിസ്ഥാനത്തിലുള്ള കുടുംബസമ്മേളനങ്ങൾ, ഇടവകയിലെ ഏറ്റവും സീനിയർ ആയിട്ടുള്ള ദമ്പതികളെ പരിചയപ്പെടുത്തൽ, അവരുടെ പങ്കുവയ്ക്കൽ *etc.*)

വർക്ക്ബുക്കുകളിലെ ചില പ്രവർത്തനങ്ങൾ (ആക്റ്റിവിറ്റി) മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും പങ്കാളിത്തം കൂടെ ആവശ്യമുള്ളതാണ്. അവരുടെ സഹകരണത്തോടെ അത് പൂർത്തിയാക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപകസഹായിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവപരിശീലന പദ്ധതിഫലപ്രദമാവുകയുള്ളു. വിശ്വാസോത്സവ വർക്കുബുക്കുകളിൽ നല്കിയിരിക്കുന്ന ആക്റ്റിവിറ്റികൾ എഴുതി പൂർത്തിയാക്കുക എന്നതു മാത്രമായി ഈ പരിശീലന പദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

മാതാപിതാക്കൾ ഇല്ലാത്തവരും, മാതാപിതാക്കളോടൊപ്പം താമസിക്കാത്തവരുമായ കുട്ടികൾ ക്ലാസുകളിൽ ഉണ്ടെങ്കിൽ അക്കാര്യം പ്രത്യേകം ശ്രദ്ധയോടെ കൈകാര്യം ചെയ്യുക. കുടുംബത്തിലുള്ളവർ ഉൾപ്പെടുന്ന ആക്റ്റിവിറ്റികളിൽ മാതാപിതാക്കൾക്കു പകരമായി അവരെ ഇപ്പോൾ സംരക്ഷിക്കുന്നവരുടെ (Guardians) സഹായം തേടാൻ അത്തരം കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*ഡയറക്ടർ, സന്ദേശനിലയം*

## ആമുഖം

ജൂണിയർ വിഭാഗത്തിന്റെ വിശ്വാസോത്സവ പുസ്തകം കുടുംബവും, സഭയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ മനസ്സിലാക്കുവാൻ കുട്ടികളെ സഹായിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭ എന്ന ഡിക്രിയിലാണ് കുടുംബത്തെ ഗാർഹികസഭയായി വിശേഷിപ്പിക്കുന്നത്. കുടുംബത്തെ ഗാർഹികസഭയെന്ന് വിശേഷിപ്പിക്കുമ്പോൾ സഭ എന്താണോ അത് തന്നെയാകണം കുടുംബവും. പരിശുദ്ധത്രിത്വത്തിലെ സ്നേഹം മുഴുവനും തിരിക്കുടുംബത്തിൽ ദൃശ്യമാകുന്നു, ഈ തിരുക്കുടുംബമാണ് നമ്മുടെ കുടുംബത്തിന്റെ മാതൃകയും വഴികാട്ടിയും. ഇതിനനുയോജ്യമായ ഒരു കവർപേജാണ് ഈ പുസ്തകത്തിനും നല്കിയിരിക്കുന്നത് ഒരു കുടുംബത്തിൽ പല വ്യക്തികൾ ഉള്ളതുപോലെ, അവർക്ക് പല ഇഷ്ടങ്ങൾ ഉള്ളതുപോലെ സാർവത്രിക സഭയിൽ പല വ്യക്തി സഭകൾ ഉണ്ട്. ഓരോ വ്യക്തിസഭയ്ക്കും അതിന്റേതായ വ്യക്തിത്വവും ഉണ്ട്. കുടുംബത്തിൽ വ്യക്തികൾ പരസ്പര സ്നേഹത്തിൽ ഒന്നിച്ചു നിൽക്കുന്നതുപോലെ സർവത്രികസഭയിൽ ഈശോയുടെ സ്നേഹത്താൽ വ്യക്തി സഭകൾ ഒന്നിച്ചു നിൽക്കുന്നു.

### <u>ഒന്നാം ദിവസം</u>

വി. ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന ഏറ്റവും ആദ്യത്തെ കുടുംബം പറുദീസായിലെ കുടുംബം-ദൈവം സ്ഥാപിച്ചതാണ്. വിവാഹം ഒരു രക്ഷാകരകൂദായാണ്. വിവാഹം എന്ന കൂദാശയിലൂടെയാണ് കുടുംബം രൂപപ്പെടുന്നത്. വിവാഹമെന്ന കൂദാശ ആശീർവദിക്കുന്നത് ഈശോയാണ്. മാമ്മോദീസാ സ്വീകരിച്ച രണ്ട് വ്യക്തികൾ ഈശോയിലൊന്നായി കുടുംബജീവിതം ആരംഭിക്കുമ്പോഴാണ് അത് കൂദാശയാകുന്നത്. കൃഷിഭൂമിയിലേയ്ക്ക് ജലം കയറ്റുകയും ഇറക്കുകയും ചെയ്യുന്നത് തൂമ്പ് വഴിയാണ്. ഇതുപോലെ ഈശോയാകുന്ന ഉറവിടത്തിൽ നിന്ന് ദൈവികജീവൻ നമ്മിലേയ്ക്ക് ചൊരിയുന്ന ചാലുകളിൽ ഒന്നാണ് വിവാഹം എന്ന കൂദാശ. ഇത് പരിശുദ്ധ ത്രിത്വത്തിന്റെ പ്രതിരൂപമാണ്. മിശിഹായും സഭയും തമ്മിലുള്ള വിശ്വസ്തതയുടെയും ഐക്യത്തിന്റെയും പ്രതിരൂപമായിട്ടാണ് പൗലോസ്ശ്ലീഹാ വിവാഹത്തെ വിശേഷിപ്പിക്കുന്നത്. പരി. ത്രിത്വം-സ്നേഹം പരസ്പരം നല്കുന്നു സ്വീകരിക്കുന്നു പങ്കുവയ്ക്കുന്നു. പരി. ത്രിത്വത്തിന്റെ സ്നേഹമാണ് തിരുക്കുടുംബത്തിൽ നമുക്ക് കാണാനാവുന്നത്. ഭൂമിയിലെ നമ്മുടെ മാതൃകാ കുടുംബമാണ് തിരുക്കുടുംബം. അതുപോലെ നമ്മുടെ കുടുംബത്തിൽ മാതാപിതാക്കളും മക്കളും പരസ്പരം നല്കുകയും സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുമ്പോൾ കുടുംബം ഭൂമിയിലെ സ്വർഗ്ഗമാകുന്നു.

## ആക്റ്റിവിറ്റി 3

കാനായിലെ കല്യാണം

## ആക്റ്റിവിറ്റി 4

ഭർത്താവും ഭാര്യയും ഈശോയും

## ആക്റ്റിവിറ്റി 7

| വചനഭാഗം | കുടുംബം | കുടുംബാംഗങ്ങൾ | പ്രത്യേകത |
|---|---|---|---|
| 1. ഉത്. 22 : 1 | 1. അബ്രാഹം | 1. സാറ - ഇസഹാക്ക് | 1. ദൈവത്തിലുള്ള ആഴമായ വിശ്വാസം |
| 2. തോബി. 1 : 16-17 | 2. തോബിത് | 2. അന്ന - തോബിയാസ് | 2. പരസ്നേഹ പ്രവൃത്തികൾ ചെയ്ത കുടുംബം |
| 3. യോഹ. 11: 33-36 | 3. ലാസർ | 3. മർത്താ - മറിയം | 3. ഈശോയെ ഏറെ സ്നേഹിച്ചിരുന്ന കുടുംബം |
| 4. ലൂക്കാ 1:6 | 4. സഖറിയ | 4. എലിസബത്ത് - യോഹന്നാൻ | 4. കർത്താവിന്റെ കല്പനകൾ കുറ്റമറ്റ വിധം അനുസരിച്ച കുടുംബം |
| 5. 1 സാമു. 1:19 | 5. ഏൽക്കാനാ | 5. ഹന്നാ - സാമുവൽ | 5. അതിരാവിലെ എഴുന്നേറ്റ് കർത്താവിനെ ആരാധിച്ച കുടുംബം |
| 6. ലൂക്കാ 2:4-6 | 6. വി. യൗസേപ്പ് | 6. മറിയം - ഈശോ | 6. കർത്താവിന്റെ ദൂതൻ കല്പിച്ച പോലെ പ്രവർത്തിച്ച കുടുംബം |

**ഗെയിം**

24 കളങ്ങളിലും എഴുതാനുള്ള കാര്യങ്ങൾ പേപ്പർ കഷ്ണങ്ങളിൽ എഴുതി അവ 4 ഗ്രൂപ്പുകൾക്ക് തുല്യമായി വിതരണം ചെയ്യുന്നു. നിശ്ചിത സമയം ഓരോ ഗ്രൂപ്പുകൾക്കും നല്കുന്നു. ആ സമയത്തിനുള്ളിൽ അവർക്ക് കിട്ടിയ വിവരങ്ങൾ പരസ്പരം കൈമാറ്റം ചെയ്തുകൊണ്ട് ഒരു കുടുംബത്തിന്റെ മുഴുവൻ വിവരങ്ങളും ശേഖരിക്കാൻ ശ്രമിക്കുന്നു. ഏറ്റവും കൂടുതൽ കുടുംബങ്ങളെ പൂർണ്ണമായും കണ്ടെത്തുന്ന ടിം വിജയിക്കുന്നു.

## രണ്ടാം ദിവസം

നമ്മുടെ കുടുംബത്തെ ഈശോ വസിക്കുന്ന ഒരു കുടുംബം പോലെ ആക്കുവാൻ പരിശ്രമിക്കുമ്പോഴും കുടുംബത്തെ തകർക്കാൻ പിശാച് ശ്രമിക്കുന്നുണ്ട്. ഏറ്റവും ആകർഷണീയമായി തന്നെയാണ് പിശാച് നമ്മെ സമീപിക്കുന്നതും. ഉദാഹരണം മരുഭൂമിയിലെ പരീക്ഷ. അതിനാൽ കുടുംബത്തിൽ മാതാപിതാക്കളും മക്കളും തമ്മിൽ ബന്ധങ്ങൾ സുദൃഢമാകണം. മാതാപിതാക്കളെ ബഹുമാനിക്കാനും അവരോട് വിശ്വസ്തരായിരിക്കുവാനും അവരെ അനുസരിക്കാനും ശുശ്രൂഷിക്കുവാനും മക്കൾ തയ്യാറാകണം. മക്കളെ സ്നേഹിക്കാനും അവർക്ക് കരുതലും കാവലും കരുണയും ഏകുവാനും മാതാപിതാക്കളും തയ്യാറാകുമ്പോഴാണ് നല്ല ബന്ധങ്ങൾ കുടുംബത്തിൽ സംജാതമാകുന്നത്.

**ആക്ടിവിറ്റി 2**

1. റൂത്ത് 1 : 16

**ആക്ടിവിറ്റി 3**

1. ലൂക്കാ 2 : 48

   പിതാവിനെ ബഹുമാനിക്കുന്ന അമ്മ

2. തോബിത് 4 : 3

   അമ്മയെ അംഗീകരിച്ചു സ്നേഹിക്കുന്ന പിതാവ്.

**ആക്ടിവിറ്റി 4**

മർത്താ, മറിയം, ലാസർ

## മൂന്നാം ദിവസം

കുടുംബം പ്രാർത്ഥനയുടെ കളരി

ദൈവത്തെയും കുടുംബത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സ്വർണ ചരടാണ് കുടുംബ പ്രാർത്ഥന. ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ ആ ചരടിന്റെ ബലം വർദ്ധിക്കും. കുടുംബപ്രാർത്ഥനയില്ലാത്ത കുടുംബം സാത്താന്റെ പണിപ്പുരയാണ്. എത്ര തിരക്കുണ്ടെങ്കിലും കുടുംബ പ്രാർത്ഥന ഉപേക്ഷിക്കുവാൻ പാടില്ല. രാവിലെ ഉണരുന്നത് ദൈവത്തിന്റെ കരങ്ങളിൽ ആണെങ്കിൽ ഉറങ്ങുന്നതും അവിടുത്തെ കരങ്ങളിൽ തന്നെ. അതിനാൽ എല്ലാനേരവും പ്രാർത്ഥിക്കുവാൻ നമ്മൾ പഠിക്കണം. ആത്മരക്ഷയും ആത്മാക്കളുടെ രക്ഷയും ആയിരിക്കണം പ്രാർത്ഥനയിൽ നമ്മുടെ ലക്ഷ്യം.

**ആക്ടിവിറ്റി 5**

6.00 pm - 9.00 pm റംശാ

9.00 pm - 3.00 am ലെലിയ

3.00 am - 6.00 am ഖാലാ ദ്ശ്ഹറാ

6.00 am - 9.00 am സപ്രാ

9.00 am - 12.00 noon ഖൂഥാ ആ

12.00 noon - 3.00 pm എന്താനാ

3.00 pm - 6.00 pm ദ് ബസ്ശാ ശായീൻ

**ആക്ടിവിറ്റി 3**

ലൂക്കാ 3:21 - ഈശോ ജ്ഞാനസ്നാനം സ്വീകരിക്കുന്നു.

ലൂക്കാ 9:18 - തനിച്ചിരിക്കുമ്പോൾ

ലൂക്കാ 22:32 - വിശ്വാസം ക്ഷയിക്കാതിരിക്കാൻ

മർക്കോസ് 1:35 - അതിരാവിലെ ഉണർന്ന് പ്രാർത്ഥിക്കാൻ

യോഹന്നാൻ 11:41 - സ്നേഹിതനുവേണ്ടി പ്രാർത്ഥിക്കുന്നു.

## നാലാം ദിവസം

കുടുംബം നല്ല ശീലങ്ങളുടെ വിളനിലം

ദൈവം തന്റെ രക്ഷാകരപദ്ധതി തിരുകുടുംബത്തിലൂടെ പൂർത്തിയാക്കി. നമ്മുടെ കുടുംബങ്ങളിലൂടെയും ദൈവം പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവിക പദ്ധതികൾ നമ്മുടെ കുടുംബത്തിലൂടെ നടക്കുവാൻ നല്ല ശീലങ്ങളുടെ വിളനിലമായി കുടുംബങ്ങളെ മാറ്റാം. കുടുംബത്തിൽ മാതാപിതാക്കളുടെ പുണ്യ പ്രവർത്തികൾ ആണ് മക്കൾക്ക് ഏറ്റവും വലിയ മാതൃക. കുടുംബത്തിലെ ജീവകാരുണ്യ പ്രവർത്തികൾ ദൈവത്തെയും അയൽക്കാരനെ

യും സ്നേഹിക്കുന്നതിനുള്ള ഉപാധിയാണ്. ജീവകാരുണ്യ പ്രവർത്തികൾ ചെയ്യുന്ന അവസരങ്ങൾ കൈകൾക്ക് ഉപരിയായി ഹൃദയംകൊണ്ട് അവരെ ചേർത്തുപിടിക്കുന്ന ഒരു നിമിഷമാണ്. സഭയ്ക്ക് ഒരിക്കലും കൂദാശകളെയും വചനങ്ങളെയും അവഗണിക്കാൻ സാധിക്കാത്തതുപോലെ ജീവകാരുണ്യ പ്രവർത്തനങ്ങളെയും അവഗണിക്കുവാൻ സാധിക്കുകയില്ല.

**ആക്ടിവിറ്റി 1**

മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! അപ്പോൾ ദൂതൻ അവളുടെ മുമ്പില് നിന്നു മറഞ്ഞു (ലൂക്കാ 1 : 38).

ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന്, കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെപ്രവർത്തിച്ചു; അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു (മത്താ. 1 : 24).

അവൻ അല്പദൂരം മുന്നോട്ടു ചെന്ന് കമിഴ്ന്നു വീണു പ്രാർത്ഥിച്ചു: എന്റെ പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്നുപോകട്ടെ. എങ്കിലും എന്റെ ഹിതംപോലെയല്ല; അവിടുത്തെ ഹിതംപോലെയാകട്ടെ (മത്താ. 26 : 39).

**ആക്ടിവിറ്റി 2**

4:3 :- ആദരിക്കണം
4:18 :- നിരസിക്കരുത്
4:12 :- വിവാഹം ചെയ്യരുത്
4:13 :- സ്നേഹിക്കുക
4:16 :- പങ്കിടുക
4:19 :- അവിടുത്തോട് പ്രാർത്ഥിക്കുക
4:13 :- അലസത
4:7 :- മടി കാണിക്കരുത്
4:14 :- ചിട്ടയുള്ളതായിരിക്കണം
4:5 :- ഓർക്കുക
4:6 :- നീതി നിഷ്ഠമായിരിക്കട്ടെ
4:13 :- അഹങ്കാരം

**ഗെയിം**

ഒരു സമയം രണ്ട് ഗ്രൂപ്പുകൾക്കാണ് ഈ ഗെയിം കളിക്കാൻ പറ്റുന്നത്. ഓരോ ഗ്രൂപ്പിൽ നിന്നും 6 കുട്ടികളെ തിരഞ്ഞെടുക്കുക, അവർക്ക് ഒന്ന് രണ്ട് മൂന്ന് എന്ന ക്രമത്തിൽ ആറു വരെ നമ്പറുകൾ

നൽകുക. ഒരു വൃത്തം വരച്ച് പുസ്തകത്തിൽ തന്നിട്ടുള്ള സൂചനകൾ (12 വാക്കുകൾ) അവയുടെ അദ്ധ്യായവും വാക്യവും എഴുതിയ പേപ്പറുകളിൽ കല്ലുകൾ വച്ച് ചുരുട്ടി വെയ്ക്കുക. ടീച്ചർ ഒന്നു മുതൽ 6 വരെയുള്ള ഏതെങ്കിലും ഒരു നമ്പർ പറയുമ്പോൾ രണ്ട് ഗ്രൂപ്പിൽ നിന്നും ആ നമ്പർ കിട്ടിയ കുട്ടികൾ കല്ലുകൾ എടുക്കാനായി വരുന്നു ആദ്യം എടുക്കുന്നവർക്ക് സൂചന സ്വന്തമാകുന്നു. ഏറ്റവും കൂടുതൽ സൂചന കരസ്ഥമാക്കുന്ന ടീം വിജയിക്കുന്നു.

**ആക്ടിവിറ്റി 6**

സഹോദരങ്ങളോട് ക്ഷമിക്കുക. നല്ല ശീലങ്ങൾ ജീവിതത്തിൽ വളർത്തുക. അപ്പോൾ ദൈവം നമ്മളെയും വളർത്തും.

**ആക്ടിവിറ്റി 7**

ചില ഉദാ: പ്രാർത്ഥിക്കുക, സ്നേഹിക്കുക, സത്യം പറയുക, കളിയാക്കാതെ ഇരിക്കുക, മുതിർന്നവരെ ബഹുമാനിക്കുക, അനുസരിക്കുക, അച്ചടക്കം പാലിക്കുക...

## അഞ്ചാം ദിവസം

കുടുംബം സഭയുടെ അടിത്തറ

സഭയുടെ ഏറ്റവും ചെറിയ പതിപ്പായ കുടുംബത്തെ താങ്ങി നിർത്തുന്ന ശക്തമായ തൂണാണ് വിശ്വാസം. കുടുംബങ്ങളിൽ വിശ്വാസം അനുദിനം പരിപോഷിപ്പിക്കപ്പെടണം. വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ സാധ്യമല്ല. സഭയുടെയും കുടുംബത്തിന്റെയും പാരമ്പര്യങ്ങളെ സ്നേഹിക്കുവാനും മുറുകെപ്പിടിക്കുവാനും കാത്തുസൂക്ഷിക്കുവാനും തലമുറകൾക്ക് പകർന്നു കൊടുക്കുവാനും സാധിക്കണം.

**ആക്ടിവിറ്റി 3**

1. ഭക്ഷണം (ഉത്. 3:19)
2. വസ്ത്രം (ഉത്. 37:34)
3. വിജ്ഞാനം (സങ്കീ. 19:2)
4. സ്നേഹം (1 ദിനവൃ. 16:34)

**ഗെയിം**

പുസ്തകത്തിൽ തന്നിട്ടുള്ള വചനഭാഗങ്ങളും അവ സൂചിപ്പിക്കുന്ന ഉത്തരങ്ങളും കൃത്യമായി പേപ്പറുകളിൽ എഴുതി അവ ബലൂണുകളിൽ സൂക്ഷിക്കുക. ഗ്രൂപ്പിൽ നിന്നും നാലു പേരെ

വീതം വിളിച്ച് നാല് ബലൂണുകൾ ഊതി വീർപ്പിച്ച് പൊട്ടിക്കുവാൻ ആവശ്യപ്പെടുക. ആദ്യം തന്നെ നാല് ബലൂണുകളും പൊട്ടിക്കുന്ന ഗ്രൂപ്പ് വിജയിക്കുന്നു.

**ആക്ടിവിറ്റി 5**

''ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിലനിൽക്കും''. ചാവറയച്ചൻ

**ആക്ടിവിറ്റി 6**

കെ.സി.വൈ.എം., കെ.സി.എസ്.എൽ, മിഷൻലീഗ്, അൾത്താര ബാലസഖ്യം

സ്നേഹം, ത്യാഗം, സേവനം, സഹനം

## ആറാം ദിവസം

എന്റെ ഇടവക എന്റെ കുടുംബം

ഇടവക ദേവാലയം നമ്മുടെ വിശ്വാസ ജീവിതത്തിൽ വഹിക്കുന്ന പ്രാധാന്യം മനസ്സിലാക്കാൻ സഹായിക്കുന്ന പാഠമാണ് ഇത്.

**ആക്ടിവിറ്റി 1** (വീട്ടിൽ നിന്നും ചെയ്തു കൊണ്ടുവരേണ്ടത്)

ഫൊറോനയുടെ പേര്, ഇടവക പള്ളിയുടെ പേര്, ഇടവക മധ്യസ്ഥ/മധ്യസ്ഥൻ പേര്, ഇടവക വികാരി അച്ചന്റെ പേര്.

**ആക്ടിവിറ്റി 4**

**ഗെയിം**

ദൈവവിളിക്ക് സഹായകമാകുന്ന കാര്യങ്ങൾ പുസ്തകത്തിൽ നൽകിയിട്ടുള്ളത് പോലെ പേപ്പർ ഗ്ലാസിന്റെ മുകളിൽ വർണ്ണ അക്ഷരങ്ങളിൽ എഴുതി എല്ലാ ഗ്രൂപ്പുകാർക്കും പുസ്തകത്തിലെതുപോലെ ക്രമപ്പെടുത്തുവാൻ നൽകുന്നു ഏറ്റവും ആദ്യം പുസ്തകത്തിൽ തന്നിട്ടുള്ള ക്രമത്തിൽ ക്രമപ്പെടുത്തുന്ന ഗ്രൂപ്പ് വിജയിക്കുന്നു.

**ആക്ടിവിറ്റി 5**

1. വി. അൽഫോൻസാമ്മ - വിശുദ്ധ കുർബാനസ്വീകരണം മുതൽ ഈശോയുടെ മണവാട്ടിയാകാൻ ആഗ്രഹിച്ചു.
2. വി. ജോൺ പോൾ രണ്ടാമൻ - ജപമാല പ്രാർത്ഥനയോടുള്ള താല്പര്യവും പരിശുദ്ധ അമ്മയോടുള്ള ഭക്തിയും.

3. വി. പൗലോസ്ശ്ലീഹാ - ഈശോയെ കണ്ടുമുട്ടൽ (നീ പിഢിപ്പിക്കുന്ന ഈശോയാകുന്നു ഞാൻ)
4. സി. റാണി മരിയ - പാവങ്ങളൊടുള്ള സ്നേഹം നീതിനിഷേധിക്കപ്പെടുന്നവരോടുള്ള അനുകമ്പ.
5. വി. അഗസ്തീനോസ് - അമ്മയുടെ പ്രാർത്ഥന

**ആക്ടിവിറ്റി 6**

കൂദാശകൾ, ഞായറാഴ്ച ആചരണം, വാർഷിക ധ്യാനം, പെരുന്നാൾ, സൺഡേസ്കൂൾ, മിഷൻലീഗ്, കലോത്സവങ്ങൾ, വിശുദ്ധ ദിന ആചരണങ്ങൾ (ക്രിസ്തുമസ്, ഈസ്റ്റർ, ദുഃഖവെള്ളി, പെസഹാ, ദനഹാ, ദുക്റാന)

## ഏഴാം ദിവസം

എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ

സീറോ മലബാർ-സഭയിലും, കുടുംബങ്ങളിലും കണ്ടുവരുന്ന പാരമ്പര്യങ്ങളെയും, അവയുടെ പ്രാധാന്യത്തെയും, അവ നിലനിർത്തേണ്ട ആവശ്യകതയും, അതുവഴി വിശ്വാസ കൈമാറ്റം നടക്കുന്നതിന്റെയും കാര്യങ്ങളാണ് ഈ പാഠത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ആക്ടിവിറ്റി 1**

3. സീറോ മലബാർ സഭയിലെ
4. മാർത്തോമാ ശ്ലീഹായുടെ പിൻഗാമിയാണ് ഞാൻ

**ആക്ടിവിറ്റി 4**

1. മാർ ആന്റണി പടിയറ
2. മാർ മാത്യു കാവുകാട്ട്
3. മാർ ജോസഫ് പവ്വത്തിൽ
4. മാർ റാഫേൽ തട്ടിൽ
5. മാർ ജോസഫ് പെരുന്തോട്ടം
6. മാർ തോമസ് തറയിൽ

**ഗെയിം**

പുസ്തകത്തിൽ തന്നിട്ടുള്ള പിതാക്കന്മാരുടെ ചിത്രങ്ങൾ എ ഫോർ സൈസിൽ കളർ പ്രിന്റ് എടുത്ത് പല ആകൃതിയിൽ മുറിക്കുക എന്നിട്ട് ഓരോ ഗ്രൂപ്പുകളിലായി കൊടുക്കുക മുറിച്ച

കഷണങ്ങൾ പഴയതുപോലെ ചേർത്തുവയ്ക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുക ചേർത്തുവച്ചതിനുശേഷം അത് ചാർട്ട് പേപ്പറിൽ ഒട്ടിക്കുകയും ചെയ്യാം ഏറ്റവും ആദ്യം ചാർട്ട് പേപ്പറിൽ ഒട്ടിക്കുന്ന ടീം വിജയിക്കുന്നു.

**ആക്ടിവിറ്റി 5**

ഈശോ സംസാരിച്ചിരുന്ന ഭാഷ-അറമായ/സുറിയാനി
സീറോമലബാർ സഭയുടെ ആരാധനാഭാഷ - സുറിയാനി
കുർബാന - അർപ്പണം
മാമ്മോദീസ - മുക്കുക
കാപ്പ - മേൽ വസ്ത്രം

അബ്ബാ-അപ്പൻ
എമ്മ-അമ്മ

**ആക്ടിവിറ്റി 6**

എന്റെ പാരമ്പര്യങ്ങളെ ഇഷ്ടപ്പെടുന്നു
എന്റെ പാരമ്പര്യങ്ങളെ പകർന്നു നൽകും
എന്റെ പാരമ്പര്യങ്ങളിൽ നിലനിൽക്കും

## എട്ടാം ദിവസം

ഒരു സൈക്കിൾ അപാരത

സാർവത്രികസഭ വ്യക്തിസഭകളുടെ കൂട്ടായ്മയാണ്. വ്യക്തി സഭകളെ ചേർത്തുനിർത്തുന്ന ഘടകങ്ങളാണ് വിശ്വാസം, ഭരണ സംവിധാനം, കൂദാശകൾ എന്നിവ. ഇതുപോലെ പല വ്യക്തികൾ ചേരുന്നതാണ് നമ്മളുടെ കുടുംബം വ്യക്തികളെ ചേർത്തുനിർത്തുന്ന ഘടകം സ്നേഹമാണ്. ഇങ്ങനെ സഭയെയും കുടുംബത്തെയും താരതമ്യപ്പെടുത്തുകയാണ് ഈ പാഠത്തിൽ.

**ആക്ടിവിറ്റി 2**

1. ട്രാഫിക് ലൈറ്റ് - ഗതാഗത നിയന്ത്രണം
2. സീബ്രാ ക്രോസിംഗ് - കാൽനടക്കാരുടെ സുരക്ഷ
3. സ്റ്റോപ്പ് - നിർത്തുക
4. നോ പാർക്കിംഗ് - പാർക്കുചെയ്യരുത്
5. സ്കൂൾ എഹെഡ് - സ്കൂൾ മുന്നിൽ

**ആക്ടിവിറ്റി 4**

മാർപാപ്പ, മെത്രാൻ, വൈദികൻ, സിസ്റ്റർ, അച്ചനും അമ്മയും, മുത്തച്ഛനും മുത്തശ്ശിയും, സഹോദരങ്ങൾ, കൂട്ടുകാർ, അധ്യാപകർ...

## ആക്ടിവിറ്റി 6

എന്റെ കുടുംബം വിശുദ്ധ കുടുംബം എന്റെ സഭ വിശുദ്ധ സഭ

| പിതാവ് വിശുദ്ധ ലിയോ മാർട്ടിൻ | മാതാവ് വിശുദ്ധ സെലിൻ മാർട്ടിൻ | വാഴ്ത്തപ്പെട്ട ലിയോണിയ | വിശുദ്ധ കൊച്ചുത്രേസ്യാ |
|---|---|---|---|
|  |  |  |  |

മറ്റു സഹോദരങ്ങൾ: സി. മേരി, മദർ ആഗ്നസ്, സി. ജനവീവ്

**പാട്ട് – 1**

ഈശോ വസിക്കും കുടുംബം
ഈശോ നാഥനായ് വാഴും കുടുംബം
ഈശോയിലെന്നും ജീവിതം കാണും
വ്യക്തികൾ പണിയും കുടുംബം
        സ്നേഹം ധരിക്കും കുടുംബം
        സ്നേഹദീപം ജ്വലിക്കും കുടുംബം
        സ്നേഹം തുടിക്കുന്ന ജീവിതം പങ്കിടും
        വ്യക്തികൾ വാഴും കുടുംബം
സ്വാർത്ഥം ത്യജിക്കാനുമേറെ
ത്യാഗചൈതന്യമുൾക്കൊണ്ടിടാനും
എല്ലാർക്കുമെല്ലാമായ് തീരാനും
വ്യക്തികൾ സന്നദ്ധരാകും കുടുംബം

**പാട്ട് – 2**

പാരിതിലെന്നുമെന്നും പുണ്യ സങ്കേതമാകും
പൂജ്യമാം ഗേഹമല്ലോ വന്ദ്യതിരുകുടുംബം
പൈതലാം ഈശോയൊപ്പംമാതാവും മാർ യൗസേപ്പും
വാണരുളീടും ഗേഹം മാതൃകാ സ്ഥാനമല്ലോ.
സ്നേഹവും പ്രാർത്ഥനയും ദിവ്യസത്കർമ്മങ്ങളും
തീർത്ത ശ്രീ കോവിലല്ലോ പൂജ്യ തിരുക്കുടുംബം
പാപമകറ്റി മാറ്റി പുണ്യങ്ങൾ പൂത്തുലയും
പൂന്തോട്ടമാക്കിടുക ഞങ്ങൾ തൻ ഗേഹങ്ങളെ

**പാട്ട് – 3**

റംശാ- പ്രാർത്ഥനയിലെ സങ്കീ. 140.116

ക്യൂ ആർ കോഡ്

**പാട്ട് – 4**

അപ്പനും അമ്മയും മക്കളുമെല്ലാം
ഒന്നിച്ചു ചേരും വീട്
പ്രാർത്ഥനയാലെ ദൈവമഹത്വം
വർണിച്ചു പാടും വീട്
ദുഃഖ സന്തോഷങ്ങൾ പങ്കിടുവാനായി
ദൈവം ഒരുക്കിയ വീട്
സ്നേഹം ത്യാഗം എല്ലാം ഒന്നായി
ചേർന്ന് വിളങ്ങും വീട്.

**പാട്ട് – 5**

അങ്ങേ തൃക്കൈകളിൽ ഉറങ്ങട്ടെ ഞാൻ
ഈ രാവിൽ കർത്താവേ ഉറങ്ങട്ടെ ഞാൻ
അങ്ങേ തൃക്കൈകളിൽ ഉണരട്ടെ ഞാൻ
പുലരിയിൽ സ്തോത്രമോടുണരട്ടെ ഞാൻ
നീ മാർഗമാകിലും വഴിതെറ്റി ഞാൻ
നീ സത്യമാകിലും അകന്നുപോയി ഞാൻ
നീ ജീവനാകിലും ഉണർന്നില്ല ഞാൻ
നാഥാ മാപ്പിരന്നീടുന്നു ഞാൻ
കണ്ണീരോടെ കദനത്തോടെ
അങ്ങേ...
ഇന്നു നീ എനിയ്ക്കായ് ചെയ്തതെല്ലാം
ഇന്നു ഞാൻ നിനയ്ക്കായ് ചെയ്തതെല്ലാം
ഈ രാവിലൊന്നൊന്നായ് ഓർത്തീടുന്നു
നാഥാ നന്ദിയേകിടുന്നു ഞാൻ
മോദമോടെ സമ്മോദമോടെ
അങ്ങേ...

**പാട്ട് – 6**

എന്റെ മാതൃദേവാലയം എൻ
ആത്മാവിൻ ജന്മമേകി ദേവാലയം (2)
അമ്മയെ പോൽ ചേർത്തിടും എൻ ദേവാലയം

അപ്പനെ പോൽ കരുതിടും എൻ ദേവാലയം
എന്റെ മാതൃദേവാലയം എൻ
ആത്മാവിൻ ജന്മമേകി ദേവാലയം (2)

**പാട്ട് - 7**

We're big - We're big
We're small - We're small
We're young - We're young
And we're old - We're old
We're all different people living together with love.

We hug - We hug
We care - We care
We help - We help
and we share - We share
We're all different people living together with love.
Together with love

സന്ദേശനിലയം
ചങ്ങനാശ്ശേരി